ഉത്തരം

(എ) 1981-82 വർഷത്തിലാണ് പണി തുടങ്ങിയത്

(ബി) ഹാളിന്റെ നിർമ്മാണം ലിന്റൽ ലവൽ വരെ എത്തിയിട്ടുണ്ട്.

(സി) 32,943 രൂപ.

(ഡി) ഇതിനാവശ്യമായ നിർദ്ദേശം അഗളി പഞ്ചായത്ത് എക്സി ക്യൂട്ടീവ് ഓഫീസർക്ക് നൽകിയിട്ടുണ്ട്.

ഓപ്പൺ എയർ തിയേറ്റർ

1305. [1774] ശ്രീ. സി. കെ. ചക്രപാണി : താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) ഗ്രാമപ്രദേശങ്ങളിലെ ഓപ്പൺ എയർ തിയേറ്റർ നിർമ്മിക്കുന്നതിന് 1980-81, 1982-83, 1983-84, 1984-85 എന്നീ വർഷങ്ങളിൽ എന്തു തുക വീതം പഞ്ചായത്തുകൾക്ക് വിതരണം ചെയ്തിട്ടുണ്ട് :

(ബി) ഈ ഇനത്തിൽ ഓരോ വർഷവും ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ച തുക എത്ര ?

ഉത്തരം

(എ) 1980-81, 1981-82, 1983-84, 1984-85 എന്നീ വർഷങ്ങളിൽ ഒരു ലക്ഷം രൂപ വീതവും 1982-83-ൽ തൊണ്ണൂറ്റി അയ്യായിരം രൂപയും വിതരണം ചെയ്തിട്ടുണ്ട്.

(ബി) ഓരോ വർഷവും ഒരു ലക്ഷം രൂപ വീതം ബഡ്ജറ്റിൽ വകയിരു ത്തിയിരുന്നു.

അഗളി മണ്ണംതുരുത്ത് ചേരാനല്ലൂർ സർക്കുലർ ഫെറി സർവ്വീസ്

1306. [1775] ശ്രീ. ടി. കെ. അബ്ദു : താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഗളി, ചേരാനല്ലൂർ പഞ്ചായത്തുകൾ ചേർന്ന് നടത്തുന്ന അഗളി മണ്ണംതുരുത്ത് ചേരാനല്ലൂർ സർക്കുലർ ഫെറി സർവ്വീസ് കോൺട്രാക്റ്റ് എടുത്തിരിക്കുന്നവർ ലേല വ്യവസ്ഥയ്ക്ക് വിപരീതമായി അകപക്ഷീയമായി ചാർജ്ജ് വർദ്ധിപ്പിച്ചിരുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) ബസ്സിനും അതിലെ യാത്രക്കാർക്കും പ്രത്യേകം കടത്തുകൂലി ഈടാക്കുന്ന നടപ്പടിക്കെതിരെ ബഹുജനങ്ങൾ പ്രക്ഷോഭണം നടത്തുന്നതായ റിയാമോ ;

(സി) അടിയന്തിരമായും ഈ പ്രശ്നത്തിൽ ഇടപ്പെട്ട് അന്യായമായി വർദ്ധിപ്പിച്ച ഫെറി ചാർജ്ജ് കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇപ്പോൾ പ്രക്ഷോപണമൊന്നും നടത്തുന്നില്ല.

(സി) പ്രശ്നം പരിഹരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly